# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

ഇംഗ്ലണ്ടിലെ പ്ലിമത്ത് സർവകലാശാലയും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണാ പത്രം(എം.ഒ.യു) ഒപ്പിടുന്നത് സിൻഡിക്കേറ്റ് അനുമതി നൽകി ഉത്തരവാകുന്നു.

---

## ആസൂത്രണവും വികസനവും II - സെക്ഷൻ

യു.ഒ.നം. 2857/പിഡിഡി-2/1/2017/ ഭരണവിഭാഗം — തീയതി: 15.05.2017

സൂചന:- 1. ഇംഗ്ലണ്ടിലെ പ്ലിമത്ത് സർവകലാശാലയും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണാ പത്രം (എം.ഒ.യു)-ന്റെ കരട്.
2. 28.03.2017-ലെ സ്റ്റാന്റഡിംഗ് കോൺസെൽ നൽകിയ നിയമോപദേശം.
3. 29.04.2017-ാം തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. ഒ.എ 35/17.06/171522.

## ഉത്തരവ്

സൂചന (1) പ്രകാരം, ഇംഗ്ലണ്ടിലെ പ്ലിമത്ത് സർവകലാശാലയും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണാ പത്രം(എം.ഒ.യു)-ന്റെ കരട് അംഗീകരിക്കുന്നതിന് മുമ്പായി സർവകാലാശാല സ്റ്റാൻഡിംഗ് കോൺസെലിന്റെ നിയമോപദേശത്തിന് വേണ്ടി അയച്ചിരുന്നു.

സൂചന (2) പ്രകാരം, സർവകലാശാലയുടെ സ്റ്റാൻഡിംഗ് കോൺസെൽ ധാരണാ പത്രത്തിലെ ഖണ്ഡിക (9)-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരം ധാരണാ പത്രത്തിന്റെ അധീനതയിൽ വരുന്ന എല്ലാ തർക്കങ്ങളും ക്ലെയിമുകളും ഇംഗ്ലണ്ടിലെ നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് ആയിരിക്കും തീർപ്പു കൽപ്പിക്കുക എന്നുള്ള പരാമർശം ഒന്നുകിൽ അംഗീകരിക്കുകയോ അല്ലെങ്കിൽ എം.ജി. സർവകലാശാലയ്ക്ക് കൂടുതൽ ഗുണകരമാകുന്ന പരിതസ്ഥിതിയ്ക്ക് വേണ്ടി പ്രസ്തുത സർവകലാശാലയുമായി ചർച്ച് ചെയ്യുകയോ ആകാമെന്ന് അഭിപ്രായപ്പെട്ടിരുന്നു. ധാരണാ പത്രത്തിൽ അടങ്ങിയിരിക്കുന്ന ബാക്കിയുള്ള ഖണ്ഡികകൾക്ക് അംഗീകാരം നൽകുന്നതിന് ദോഷകരമായി ഒന്നുമില്ലായെന്ന് പ്രസ്തുത നിയമോപദേശത്തിൽ പരാമർശിച്ചിരുന്നു.

സ്റ്റാൻഡിംഗ് കോൺസെലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥകളിൽ ധാരണാ പത്രം ഒപ്പിടണോയെന്ന് തീരുമാനിക്കുന്നതിനായി ബഹു: വൈസ് ചാൻസലരുടെ ഉത്തരവ് പ്രകാരം പ്രസ്തുത ഫയൽ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

സൂചന (3) പ്രകാരം, ഇംഗ്ലണ്ടിലെ പ്ലിമത്ത് സർവകലാശാലയും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധാരണ പത്രം (എം.ഒ.യു) ഒപ്പിടുന്നതിന് അനുമതി നൽകികൊണ്ട് 29.04.2017-ാം തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവായിരിക്കുന്നു.

ഒപ്
മോഹനൻ.കെ
ഡെപ്യൂട്ടി രജിസ്ട്രാർ(പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ.
3. എ.സി.സി സെക്ഷൻ (സിൻഡിക്കേറ്റ് സെക്ഷൻ)
4. ഡോ. സാബു തോമസ്, ഹോണററി ഡയറക്ടർ, ഐ.ഐ.യു.സി.എൻ.എൻ.
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6. നാക് സെൽ/സ്റ്റാറ്റിസ്റ്റിക്സ് യൂണിറ്റ്
7. റെക്കോർഡ്സ് സെക്ഷൻ
8. കെ.എസ്.എ.ഡി.
9. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: 1131/പി & ഡി-2/1/2017/ഭരണവിഭാഗം